062683

8-MC PLA 1/9/14

ADHS(PG)-MC 29/8/14

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് - (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസ്, പാലക്കാട്) പാലക്കാട് മെഡിക്കൽ കോളേജ് - 5 സീറ്റ് ഓൾ ഇന്ത്യാ ക്വാട്ടയ്ക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ (എഫ്) വികസന വകുപ്പ്**

**സ.ഉ(കൈ)നം.60/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 25/08/2014**

---

പരാമർശം:- 1. 19/07/2014 ലെ സ.ഉ (കൈ) നം. 45/2014/പജപവവിവ
2. പാലക്കാട് മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസറുടെ 13/08/2014 ലെ ജി.എം.സി/പി.കെ.ഡി/ഇ.ബി/44/2014 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം പാലക്കാട് മെഡിക്കൽ കോളേജിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസ്, പാലക്കാട്) 100 സീറ്റിൽ 70 സീറ്റ് പട്ടികജാതി വിദ്യാർത്ഥികൾക്കായും 2 സീറ്റ് പട്ടികവർഗ വിദ്യാർകത്ഥികൾക്കായും 8 സീറ്റ് എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്കായും 20 സീറ്റ് പൊതു മെറിറ്റിനായും നീക്കിവെച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 100 സീറ്റിലേയ്ക്ക് സെലക്ഷൻ നടക്കുകയും അതിൽ 95 വിദ്യാർത്ഥികൾ ജോയിൻ ചെയ്യുകയും ചെയ്തു.

2, നിലവിലുള്ള സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും 15% സീറ്റ് ഓൾ ഇന്ത്യാ ക്വാട്ടയ്ക്ക് നീക്കിവച്ചിട്ടുള്ളതിനാൽ 15% സീറ്റ് റിപ്പോർട്ട് ചെയ്യാൻ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ, ഡയറക്ടറേറ്റ് ഓഫ് ജനറൽ ഹെൽത്ത് സർവ്വീസ് സ്പെഷ്യൽ ഓഫീസറോട് ആവശ്യപ്പെടുകയുണ്ടായി. 95 വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയ സാഹചര്യത്തിൽ 5% സീറ്റ് ഓൾ ഇന്ത്യാ ക്വാട്ടയിലേയ്ക്ക് നീക്കിവെച്ച് നിലവിലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം രണ്ട് പ്രകാരം സ്പെഷ്യൽ ഓഫീസർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

3, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2014-15 വർഷം മെഡിക്കൽ കോളേജിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകികൊണ്ട് ഒന്നാം വർഷ എം.ബി.ബി.എസ് കോഴ്സ് തുടങ്ങുന്നതിനാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ

അംഗീകാരം ലഭിച്ചിട്ടുള്ളത്. 100 സീറ്റിൽ 95 വിദ്യാർത്ഥികൾ നിലവിൽ പ്രവേശനം നേടിയിട്ടുണ്ട്. ആയതിനാൽ 5 സീറ്റ് മാത്രമേ ഓൾ ഇന്ത്യാ ക്വാട്ടയ്ക്ക് ഈ വർഷം നൽകാനാവുകയുള്ളൂ. പാലക്കാട് മെഡിക്കൽ കോളേജിൽ നിലവിലെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടാതെ ഒഴിഞ്ഞ് കിടക്കുന്ന 5 സീറ്റുകൾ 2014-15 അദ്ധ്യായന വർഷത്തിൽ ഓൾ ഇന്ത്യാ ക്വാട്ടയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ആശാ തോമസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രവേശന പരീക്ഷാ കമ്മിഷണർ, തിരുവനന്തപുരം
ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യുക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവീസ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)
കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ)
കേരള, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, പാലക്കാട് മെഡിക്കൽ കോളേജ്, സിവിൽ സ്റ്റേഷൻ, പാലക്കാട്
ഇൻഫർമേഷൻ ഓഫീസർ,(വെബ് &ന്യൂ മീഡിയ,ഐ&പി.ആർ.ഡി)
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ :- ആ.കു.വ - 62683/14/ആവ
തീയതി 1/10/14

സർക്കാർ ഉത്തരവിന്റെ പകർപ്പ് പാലക്കാട് മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസർക്ക് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

1/10/14
ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി.

പകർപ്പ്:-
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ നൽകുന്നു. 30/9